# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES AND COMMERCE
Government of Kerala

www.industry.kerala.gov.in

15 AUGUST 2022





## ഒരു ലക്ഷം സംരംഭങ്ങൾ

# നിയോജക മണ്ഡലതല ശിൽപശാലയുടെയും നിക്ഷേപക സംഗമത്തിന്റെയും

## സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു

വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച എന്റെ സംരംഭം നാടിന്റെ അഭിമാനം - ഒരു ലക്ഷം സംരംഭങ്ങൾ നിയോജക മണ്ഡലതല ശിൽപശാലയുടെയും നിക്ഷേപക സംഗമത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം ബഹു. നിയമ- വ്യവസായ- കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു. തൃത്താല മണ്ഡലത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ശ്രീ.എം.ബി .രാജേഷ് അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് വരുന്ന ദിവസങ്ങളിൽ എല്ലാ നിയമസഭാ സാമാജികരുടെയും നിയോജക മണ്ഡലങ്ങളിൽ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശില്പശാലയും നിക്ഷേപക സംഗമവും സംഘടിപ്പിക്കും.

സംരംഭക വർഷമാചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 46,111 പുതിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ നാലുമാസത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തെന്നും ഇതിലൂടെ 2721.11 കോടിയുടെ നിക്ഷേപം ഉണ്ടായെന്നും ബഹു. മന്ത്രി അറിയിച്ചു.

കൃഷി വരുമാനമുള്ളതായി മാറണമെങ്കിൽ വ്യവസായം വളരണം. മൂല്യവർധനവ് ഇതിൽ പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്ത് അടുത്തതായി പത്ത് ഫുഡ്പ്രോസസിങ് പാർക്കുകളാണ് ആരംഭിക്കുന്നത്. എല്ലാ കാർഷിക ഉത്പന്നങ്ങളും മൂല്യവർധനവിലൂടെ വിപണിയിലെത്തിക്കാനാകണമെന്നും സംരംഭങ്ങളിലൂടെയുള്ള ഉത്പ്പന്നങ്ങളുടെ മാർക്കറ്റിങ്ങിന് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. എല്ലാ ജില്ലകളിലും ആരംഭിച്ച ടെക്നോളജി ക്ലിനിക്കുകളിലൂടെ സംരംഭങ്ങളുടെ സാങ്കേതിക, സാമ്പത്തിക, മാർക്കറ്റിങ്, മാനേജ്മെന്റ് പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും. ഇതിന്റെ സാമ്പത്തികമായ കാര്യങ്ങൾ സർക്കാർ വഹിക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു.

സഹകരണ വകുപ്പുമായി സംയോജിച്ച് കേരള ബ്രാൻഡ് ഉത്പ്പന്നങ്ങളുടെ പ്രത്യേക സൂപ്പർ മാർക്കറ്റ് ആരംഭിക്കും. സപ്ലൈകോ, നീതി, മാവേലി സ്റ്റോറുകളിൽ ഇത്തരം ഉത്പ്പന്നങ്ങൾക്ക് പ്രത്യേകം വിൽപ്പന ഉറപ്പാക്കും. ഇതുമായി ബന്ധപ്പെട്ട ചർച്ച പുരോഗമിക്കുകയാണെന്നും ബഹു. മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ ലഭ്യമായ പരിമിതമായ സ്ഥലം ഉപയോഗിച്ച് കിൻഫ്രക്ക് സമാനമായി സ്വകാര്യ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കും. ഇത്തരത്തിൽ 10 ഏക്കറിന് മുകളിൽ സ്ഥലമുള്ളവർക്ക് വ്യവസായ പാർക്ക് ആരംഭിക്കാൻ താൽപര്യപ്പെട്ടാൽ സർക്കാർ സഹായം ഉറപ്പാക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു.



പാലക്കാട് ജില്ലാ കളക്ടർ, ശ്രീമതി. മൃൺമയി ജോഷി ഐ.എ.എസ് സ്വാഗത പ്രഭാഷണം നടത്തിയ ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി. വ്യവസായ വാണിജ്യ ജോയിന്റ് ഡയറക്ടർ ശ്രീ. രാജീവ്. ജി റിപ്പോർട്ട് അവതരണവും പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ (I/C), ശ്രീ. കെ. പ്രശാന്ത് നന്ദിയും പ്രകാശിപ്പിച്ച ചടങ്ങിൽ വിവിധ ഗ്രാമ-ബ്ലോക്ക് തല പഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരും സന്നിഹിതരായിരുന്നു.

# ചേന്ദമംഗലം കൈത്തറി ഗ്രാമം 2023 മെയ് മാസത്തിൽ യാഥാർത്ഥ്യമാകും

കൈത്തറി ഗ്രാമം പദ്ധതിക്കായുള്ള ചേന്ദമംഗലത്തിന്റെ വർഷങ്ങളായുള്ള കാത്തിരിപ്പിന് വിരാമമിട്ട് 2023 മെയ് മാസത്തിൽ പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് പറഞ്ഞു. ദേശീയ കൈത്തറി ദിനാചരണത്തോടനുബന്ധിച്ച് കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെയും എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മ്യൂസിയം, വിൽപന സ്റ്റാൾ, ഡിസൈനർ സ്റ്റുഡിയോ തുടങ്ങിയവ ഉൾപ്പെടുന്ന കൈത്തറി ഗ്രാമം ഈ സെപ്റ്റംബറിൽ കല്ലിടൽ നടത്തുമെന്നും ഈ പദ്ധതി ചേന്ദമംഗലത്തേക്ക് നിരവധി വിനോദ സഞ്ചാരികളെ ആകർഷിക്കുമെന്നും അദ്ദേഹം പറഞ്ഞു.



രണ്ടു പുതിയ കൈത്തറി ബ്രാൻഡ് ചുരിദാർ ടോപ്പുകൾ ബഹു. മന്ത്രി ചടങ്ങിൽ അവതരിപ്പിച്ചു. ഹാൻടെക്സ് കേമി, ഹാൻഡ് വീവ് ഹാൻഡ്പ്രൗഡ് എന്നീ ബ്രാൻഡുകളുടെ രണ്ടു ചുരിദാർ ടോപ്പുകളാണ് ദേശീയ കൈത്തറി ദിനാചരണത്തിന്റെ ഭാഗമായി വിപണിയിൽ അവതരിപ്പിച്ചത്.


ബഹു. പ്രതിപക്ഷ നേതാവ് അഡ്വ. വി.ഡി സതീശൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ചേന്ദമംഗലം കൈത്തറിയെ ജില്ലയിലെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റണമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. കൈത്തറി നെയ്ത്തുകാർക്ക് നല്ല വരുമാനം കിട്ടുന്ന പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കണമെന്നും അതിനായി എല്ലാ സഹായസഹകരണങ്ങളും നൽകുമെന്നും അദ്ദേഹം പറഞ്ഞു.




75-ാം സ്വാതന്ത്ര്യദിനാഘോഷം - ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങിൽ ജില്ലയിലെ കൈത്തറി സംഘങ്ങളിലെ മുതിർന്ന നെയ്ത്തുകാരെ മന്ത്രി ആദരിച്ചു. പറവൂർ ചേന്ദമംഗലം കവലയിലുള്ള എൻ.എസ്.എസ്. ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പറവൂർ നഗരസഭ ചെയർപേഴ്സൺ ശ്രീമതി. പ്രഭാവതി ടീച്ചർ മുഖ്യ പ്രഭാഷണം നടത്തി. കൈത്തറി വസ്ത്ര ഡയറക്ടർ ശ്രീ. കെ.എസ് അനിൽകുമാർ, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. പി.എ നജീബ് പറവൂർ നഗരസഭ പ്രതിപക്ഷ നേതാവ് ശ്രീ. ടി.വി നിഥിൻ, വാർഡ് കൗൺസിലർ ശ്രീമതി. ഗീത ബാബു, ചേന്ദമംഗലം - കരിമ്പാടം കൈത്തറി നെയ്ത്ത് സഹകരണ സംഘം പ്രസിഡന്റ് ശ്രീ. കെ.പി സദാനന്ദൻ, പറവൂർ കൈത്തറി നെയ്ത്ത് സഹകരണ സംഘം പ്രസിഡന്റ് ശ്രീ. ടി.എസ് ബേബി, തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. വിവിധ കലാപരിപാടികളും ചടങ്ങിൽ അരങ്ങേറി.

## ഫുഡ് പ്രോസസിംഗ് & ടെക്നോളജീസ് എക്സിബിഷനിൽ

### കേരള സംരംഭകർക്ക് അവസരമൊരുക്കി വ്യവസായ വകുപ്പ്









കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII സതേൺ റീജിയൺ) സംഘടിപ്പിച്ച ഫുഡ് പ്രോസസിംഗ് & ടെക്നോളജീസ് എക്സിബിഷന്റെ 14-ാമത് എഡിഷൻ - ഫുഡ്പ്രോ 2022' മികച്ച അവസരങ്ങളാണ് കേരളത്തിലെ എം. എസ്.എം.ഇ യൂണിറ്റുകൾക്കായി ഒരുക്കിയത്. ചെന്നൈ ട്രേഡ് സെന്ററിൽ 2022 ഓഗസ്റ്റ് 5 മുതൽ 7 വരെ സംഘടിപ്പിച്ച ഫുഡ്പ്രോ എക്സിബിഷൻ ഭക്ഷ്യ സാങ്കേതിക മേഖലയും ഭക്ഷ്യ വ്യവസായവും തമ്മിലുള്ള ഇന്റർഫേസിനുള്ള ഒരു പ്ലാറ്റ്ഫോമാണ്. ഭക്ഷണങ്ങളുടെ നിർമ്മാണം, സംസ്കരണം, പാക്കേജിംഗ്, സംഭരണം, ഗതാഗതം, ഭക്ഷ്യ സുരക്ഷ, ചില്ലറ വിൽപ്പന, തുടങ്ങിയ എല്ലാ മേഖലകളെയും കൂട്ടിയിണക്കിയുള്ള എക്സിബിഷൻ ഭക്ഷ്യ സംസ്കരണ ഉത്പാദകർക്കും സാങ്കേതിക മേഖലയിലെ സംരംഭകർക്കുമായി വലിയ അവസരങ്ങളാണ് തുറന്നു നൽകുന്നത്. കേരളത്തിൽനിന്നുള്ള 14 എം. എസ്.എം.ഇ യൂണിറ്റുകളാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കെബിപ്പ് മുഖേന എക്സിബിഷനിൽ പങ്കെടുത്തത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.